I/225179/2024

**തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**ജില്ലാ ടൌൺ പ്ലാനറുടെ കാര്യാലയം, വയനാട്**

**നടപടിക്രമം**

**(ഹാജർ : ഡോ.ആതിര രവി)**

| | |
|---|---|
| വിഷയം : | തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്, വയനാട് - കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ കണിയാമ്പറ്റ വില്ലേജിൽ റീ.സർവ്വേ നമ്പർ 745/52, 745/16-3ൽപ്പെട്ട 0.1053 ഹെക്ടർ സ്ഥലത്ത് Group 1 – Hazardous occupancy വരുന്ന ഗ്യാസ്ഗോഡൗൺ നിർമ്മിക്കുന്നതിന്നതിന് ലേ ഔട്ട അനുമതി - സംബന്ധിച്ച്. |
| സൂചന : | ശ്രീ. ആകാശ് രവി, രവി .ജി, പുലരി നിവാസ്, നോർത്ത് കൽപ്പറ്റ,പുളിയാർമല എന്നവരുടെ 29/01/2024 തിയ്യതിയിലെ ലേ ഔട്ട് അപേക്ഷ. |

**ഉത്തരവ് നമ്പർ LSGD/JD/WYD/3364/2023/F1 തീയതി: 04.03.2024**

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ, കണിയാമ്പറ്റ വില്ലേജിൽ റീ.സർവ്വേ നമ്പർ 745/52, 745/16-3ൽ പ്പെട്ട 0.1053 ഹെക്ടർ സ്ഥലത്ത് Group 1–Hazardous occupancy വരുന്ന ആകെ 69.74 ച.മീറ്റർ ((ഒരു നിലയിൽ 63 ച.മീറ്റർ വരുന്ന ഗ്യാസ് ഗോഡൌൺ കെട്ടിടവും 6.74 ച.മീറ്റർ വരുന്ന ടോയിലറ്റ് ബ്ലോക്കും) (കവറേജ് – 6.62%, എഫ്.എസ്.ഐ – 0.07) ) ബിൽഡ് അപ്പ് ഏരിയ വരുന്ന വിഭാവിത ഗ്യാസ് ഗോഡൗൺ നിർമ്മാണത്തിന് KPBR-2019 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി KPBR 2019 5(6)(b) പ്രകാരം സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം നല്കി ഉത്തരവാകുന്നു. താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും ലഭ്യമാക്കേണ്ട അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതി/ഒക്യു പെൻസി നല്കുവാൻ പാടുള്ളൂ.

1. നിർദിഷ്ട നിർമാണം കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും വിധേയമായിട്ടുള്ളതാണെന്നും ലേ ഔട്ട് അനുമതി നൽകിയിട്ടുള്ള പ്ലാനുകൾ പ്രകാരവുമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമാണാവകാശം, എന്നിവ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. കെ.പി.ബി.ആർ 2019 ചട്ടം 5 പ്രകാരം മറ്റു ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.
4. നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവൃത്തികൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ്, 1963-ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
5. നിർദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി, ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. കട്ടിങ്/ഫില്ലിങ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം.
7. നിർദിഷ്ട സ്ഥലത്തു നിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.
8. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് കെപിബിആർ 2019 ചട്ടം 34-3(2), 34-3-3(a)(V) പ്രകാരമുള്ള

ഉത്തരവ് കിട്ടി ബോധിച്ചു. Ravi.G. [signature]

I/225179/2024

സാനിറ്റേഷൻ സൌകര്യം നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. കെ.പി.ബി.ആർ 2019 ചട്ടം 76.1.(1) പ്രകാരം ഭൂഗർഭജല പോഷണത്തിനുള്ള സംവിധാനങ്ങൾ നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
10. കെ.പി.ബി.ആർ 2019 ചട്ടം 76(3) (2) (അർബൻ ഫോറസ്ടറിയുമായി ബന്ധപ്പെട്ടത്), 28(1) (Access to the plot) എന്നിവ പാലിക്കുന്നുണ്ടെന്നും കെ.പി.ബി.ആർ 2019 ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
11. DDMA യുടെ ഉത്തരവുകൾ പ്രകാരമുള്ള നിലകൾ/ഉയരനിയന്ത്രണങ്ങൾ/മറ്റ് ഉത്തരവുകൾ പാലിച്ചു കൊണ്ടാണ് നിർമാണം നടത്തുന്നതെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
12. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് പ്ലാനിൽ കാണിച്ചിട്ടുള്ള എല്ലാ സുരക്ഷിത സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
13. സ്ഥലത്ത് ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടൌൺ പ്ലാനറുടെ ലേ ഔട്ട് അനുമതി ലഭിച്ച പ്ലാനുകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ച് കെട്ടിട നിർമ്മാണനുമതി വാങ്ങേണ്ടതാണ്.

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 04/2023)**

വിശ്വസ്തതയോടെ,

Signed by Dr. Athira Ravi
Date: 05-03-2024 12:26:50
Reason: Approved

**ഡോ.ആതിര രവി**

**ടൌൺ പ്ലാനർ, വയനാട്**

സ്വീകർത്താവ് :

ശ്രീ. ആകാശ് രവി, രവി.ജി, പുലരി നിവാസ്,

നോർത്ത് കൽപ്പറ്റ, പുളിയാർമല

പകർപ്പ് :

1. സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
2. അധികം